# സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം

എഫ്1/26804/2015/എസ്.ജെ.ഡി                                                    തീയതി: 22/12/2015

## സർക്കുലർ

ഈ വർഷത്തെ സാമൂഹ്യനീതിദിനാഘോഷം 2016 ജനുവരി 7,8,9 തീയതികളിൽ കോഴിക്കോട് ജില്ലയിൽ വച്ച് വിവിധ പരിപാടികളോടുകൂടി ആചരിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. അതോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഓരോ ഉപവകുപ്പുകളും സ്ഥാപനങ്ങളും ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച് നടപ്പാക്കിയ പദ്ധതികളുടെ ഒരു ഫോട്ടോ പ്രദർശനവും, ഡോക്യുമെന്ററി പ്രദർശനവും സംഘടിപ്പിക്കുന്ന തിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതാണ്.

**ഫോട്ടോപ്രദർശനം**

1. താങ്കളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓരോ പരിപാടികളുടെയും ഏറ്റവും ആകർഷകമായ 5 ഫോട്ടോകൾ photossjd2015@gmail.com എന്ന അഡ്രസ്സിലേക്ക് മെയിൽ ചെയ്യേണ്ടതാണ്.
2. ഫോട്ടോഫയലിന്റെ നമ്പർ സൂചനയായി നൽകുക. ഫോട്ടോഏത് ചടങ്ങിന്റേതാണെന്ന് അടിക്കുറിപ്പ് നൽകേണ്ടതാണ്.
1. ഫോട്ടോകൾ തെരഞ്ഞെടുക്കുമ്പോൾ ചടങ്ങിന്റെ പ്രാധാന്യം മനസ്സിലാകുന്ന വിധത്തിലുള്ള ഫോട്ടോകൾ തെരഞ്ഞെടുക്കണം. ഉദാഹരണം കെട്ടിട ഉദ്ഘാടനമാണെങ്കിൽ ഉദ്ഘാടനം ചെയ്യപ്പെട്ട കെട്ടിടത്തിന്റെ വ്യൂ ഉദ്ഘാടനത്തോടനു ബന്ധിച്ച് സ്ഥാപിച്ച ശിലാഫലകം പ്രദർശിപ്പിക്കുന്ന ഫോട്ടോ, ഉദ്ഘാടനം നിർവ്വഹിക്കുന്ന ചടങ്ങിന്റെ ഫോട്ടോ, സദസ്സിന്റെ ഫോട്ടോ മുതലായവ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ഫോട്ടോകൾ 26.12.2015- ന് മുമ്പായി മെയിൽ ചെയ്യേണ്ടതാണ്.

**ഡോക്യുമെന്ററി**

താങ്കളുടെ കൈവശമുള്ള മേൽപരാമർശിച്ച പരിപാടികളുടെ ഓഡിയോ-വീഡിയോ ക്ലിപ്പിംഗ്സുകൾ അടങ്ങിയ സി.ഡി താഴെ പറയുന്ന വിലാസത്തിൽ 28.12.2015- ന് ലഭിക്കത്തക്കവിധം തപാലിൽ അയക്കുകയോ അല്ലെങ്കിൽ മേൽ പറഞ്ഞ

ഇ-മെയിൽ വിലാസത്തിലേക്കോ മെയിൽ ചെയ്യേണ്ടതാണ്. തപാൽ അയയ്ക്കേണ്ട മേൽവിലാസം.

ശ്രീമതി. ശ്രീരഞ്ജിനി.എസ്,
പ്രോഗ്രാം കോ-ഓർഡിനേറ്റർ,
കേരള സാമൂഹ്യ സുരക്ഷാ മിഷൻ
പൂജപ്പുര, തിരുവനന്തപുരം.

ഫോട്ടോ എക്സിബിഷന്റെയും ഡോക്യുമെന്ററി എക്സിബിഷന്റെയും ചുമതല കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിർവഹിക്കുന്നതാണ്.

1. എക്സിബിഷനോടനുബന്ധിച്ച് ഓരോ ഉപവകുപ്പും സ്ഥാപനങ്ങളും ബന്ധപ്പെട്ട സ്റ്റാളുകൾ സ്വന്തം ഉത്തരവാദിത്വത്തിൽ ഒരുക്കേണ്ടതും 3 ദിവസത്തെ നടത്തിപ്പ് സ്വന്തം ഉത്തരവാദിത്വത്തിൽ ക്രമീകരിക്കേണ്ടതുമാണ്.
2. സ്റ്റാളുകൾക്ക് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കേരള സാമൂഹ്യ സുരക്ഷാ മിഷൻ റീജിയണൽ ഡയറക്ടർ (നോർത്ത്) ശ്രീ. ടി.കെ മുഹമ്മദ് യൂനസിനെ ബന്ധപ്പെടാവുന്നതാണ് (ഫോൺ: 9745129500). സ്റ്റാളുകൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം ആവശ്യമാകുന്ന പക്ഷം മീഡിയകൺസൾട്ടന്റ് ശ്രീ.ലീൻ.ബി.ജസ്മസുമായി കൂടിയാലോചിക്കാവുന്നതാണ്. (ഫോൺ : 8156932470).

സാമൂഹ്യനീതി ഡയറക്ടർ, (ഒപ്പ്)

1